# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ:3024.

21-08-2017-ൽ മറുപടിയ്ക്ക്

## പുറമണ്ണൂർ-ആശാരിക്കടവ് ജലസേചനപദ്ധതിയുടെ വൈദ്യുതികുടിശ്ശിക

**ചോദ്യം**
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ പുറമണ്ണൂർ-ആശാരിക്കടവ് ജലസേചനപദ്ധതിയുടെ വൈദ്യുതിക്കുടിശ്ശിക ഒഴിവാക്കണമെന്നും വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കണമെന്നും ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് അധികൃതർ കൃഷിവകുപ്പിന് നിവേദനം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നിവേദനം കൃഷി വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | മലപ്പുറം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | സ്ഥലത്തെ കൃഷി ഓഫീസറും കൃഷി അസിസ്റ്റന്റ് ഡയറക്ടറും വിശദമായ അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പരിശോധിച്ചുവരുന്നു. |
| (സി) | പുറമണ്ണൂർ-ആശാരിക്കടവ് പദ്ധതിയുടെ ഭാഗമായുള്ള മോട്ടോർ പ്രവർത്തിയ്ക്കാത്തത് പ്രദേശത്തെ കൃഷിയെയും ജലലഭ്യതയെയും ബാധിച്ചത് സംബന്ധിച്ച് കൃഷിവകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | പഠനം നടത്തിയിട്ടില്ല. പ്രസ്തുത ജലസേചന പദ്ധതി നെൽകൃഷി ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആണെന്നും പ്രസ്തുത പദ്ധതിയുടെ കറന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള നടത്തിപ്പും മെയിന്റനൻസും ഗുണഭോക്തൃ സമിതിയിൽ നിക്ഷിപ്തമാണ് എന്നും ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വൈദ്യുതിക്കുടിശ്ശിക പഞ്ചായത്ത് ഫണ്ടിൽ നിന്നും അടയ്ക്കുവാൻ നടപടി സ്വീകരിയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വകുപ്പിന് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (ഡി) & (ഇ) | പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആയതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് തീരുമാനം എടുത്ത് നടപ്പിലാക്കാവുന്നതാണ്. ആയതിന് കൃഷി വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. |
| (ഇ) | പ്രശ്നപരിഹാരത്തിന് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**